ഉത്തരം

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ മലയോര മേഖലയിലെ തെങ്ങുകളിൽ കൂമ്പുചീയൽ രോഗം വ്യാപകമാകുന്നത് തടയുന്നതിന് മുൻകരുതലായി മഴക്കാലാരംഭത്തോടുകൂടി കുമിൾനാശിനി പ്രയോഗം നടത്താനും രോഗാരംഭത്തിൽ തെങ്ങിന്റെ മണ്ടയിലെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി കത്തിച്ചുകളയുന്നതിനും ബോർഡോ കുഴമ്പ് പുരട്ടി വെള്ളം വീഴാത്ത രീതിയിൽ പുതിയ നാമ്പ് വരുന്നതുവരെ മൂടി സൂക്ഷിക്കുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ മുഖേന കർഷകർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂമ്പുചീഞ്ഞ് നശിച്ച തെങ്ങുകളിൽനിന്ന് മറ്റ് തെങ്ങുകളിലേയ്ക്ക് രോഗം പടരുന്നത് തടയുന്നതിന് മുമ്പായി അത്തരം തെങ്ങുകൾ മുറിച്ചുമാറ്റി കത്തിച്ചുകളയാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പോലെ വളരെ വ്യാപകമായി കൂമ്പുചീയൽ ബാധ കാണുന്നപക്ഷം കണ്ടിജൻസി പ്രോഗ്രാമിൽ ഉൾപ്പെടുത്തി രോഗബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡറയക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കൃഷി വകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

122 (5471) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിവകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; അതുവഴി കാർഷിക രംഗത്ത് കൈവരിക്കാനായ പുരോഗതി വിശദമാക്കുമോ ;

(സി) പ്രഖ്യാപിച്ചവയിൽ ഇനിയും ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമാണ്; അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. ഗ്രീൻ ഹൗസ്

2. സംയോജിത കാർഷിക വികസന പദ്ധതി

3. ജൈവകൃഷി പ്രോത്സാഹനം

4. കൃഷിവകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിലെ സംഭരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5. സംസ്ഥാന ഹോർട്ടികൾച്ചർ മുഖേന പഴം, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, കശുവണ്ടി, കൊക്കോ, സുഗന്ധവിളകൾ എന്നിവയുടെ വികസന പദ്ധതികൾക്ക് തുടക്കം.

6. പൈനാപ്പിൾ മിഷൻ സ്ഥാപിക്കൽ.

7. അഗ്രി ബയോപാർക്കുകൾ സ്ഥാപിക്കുക.

8. കൃഷിക്കാർക്ക് സമഗ്രവിള ഇൻഷ്വറൻസ്.

9. നിറവ് പദ്ധതി.

10. പച്ചക്കറി കൃഷി വികസനം.

11. ഹൈടെക് ഫാമിംഗ്.

12. നാളികേര സംഭരണം.

13. തെങ്ങിൽനിന്നും നീര, കേരച്ചക്കര എന്നിവയുടെ ഉൽപ്പാദനം.

14. സംയോജിത കൃഷിത്തോട്ട പദ്ധതി.

15. മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ.

16. ഉൽപ്പാദക സംഘവും കർഷക മാളും.

17. ജൈവകൃഷിക്ക് കേരള ബ്രാൻഡ്.

18. സ്മൾ ബയോഗ്യാസ് പ്ലാന്റ്.

19. പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് ടെക്നോളജി സെന്റർ.

20. കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടെ ഇൻകം ഗ്യാരൻറിയും വില നിർണ്ണയാവകാശവും.

21. രണ്ട് ഹെക്ടർ താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്.

22. അഗ്രികാർഡ് വിതരണം.

23. കാർഷികോൽപ്പന്ന വിപണനത്തിന് സംഘങ്ങൾക്ക് അഞ്ച് ലക്ഷംരൂപ വരെ പലിശരഹിത വായ്പ.

24. ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്നു.

25. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള വെർട്ടിക്കൽ ഫാമിംഗ് പദ്ധതി.

26. ന്യായവില നൽകി കാർഷികോൽപ്പന്നങ്ങളുടെ സംഭരണം.

27. സമഗ്ര കാർഷിക വികസനം.

28. ആധുനിക കാർഷിക സാങ്കേതിക വിദ്യകൾക്ക് രൂപം നൽകുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കാർഷിക സർവ്വകലാശാലയ്ക്കും കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കും ധനസഹായം.

29. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ്.

30. മികവ് തെളിയിക്കുന്ന കർഷകർക്ക് കർഷക നൈപുണ്യ അവാർഡ്.

31. സമഗ്ര നെൽവിള ഇൻഷ്വറൻസ് സ്കീം.

32. ഹൈടെക് പോളീഹൗസുകൾക്കും സൂക്ഷ്മ കൃഷി സമ്പ്രദായത്തിനും വൈദ്യുതി സബ്സിഡി.

33. മണ്ണിന്റെ പ്രത്യേകതകൾകൂടി കണക്കിലെടുത്ത് ആധുനിക കൃഷി രീതികൾ പ്രചരിപ്പിക്കുക.

34. ഹരിപ്പാട്, കുട്ടനാട്, മേലുകാവ്, കട്ടപ്പുറത്തി എന്നിവിടങ്ങളിൽ നാല് പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കൽ.

35. പ്രവാസി കേരള കൃഷി വികാസ് - പഴം, പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രവാസി മലയാളികളുമായി ചേർന്ന് സംയുക്ത സംരംഭം.

(ബി) 1. ഗ്രീൻ ഹൗസ്.

2. സംയോജിത കാർഷിക വികസന പദ്ധതി.

3. ജൈവ കൃഷി പ്രോത്സാഹനം.

4. കൃഷി വകുപ്പിന്റെ കീഴിലുള്ള ഒമാത്ത വ്യാപാര വിപണികളിലെ സംഭരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly

5. സംസ്ഥാന ഹോർട്ടിക്കൾച്ചർ മുഖേന പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, കശുവണ്ടി, കൊക്കോ, സുഗന്ധവിളകൾ എന്നിവയുടെ വികസന പദ്ധതികൾക്ക് തുടക്കം.

6. പൈനാപ്പിൾ മിഷൻ സ്ഥാപിക്കൽ.

7. കൃഷിക്കാർക്ക് സമഗ്രവിള ഇൻഷ്വറൻസ്.

8. നിറവ് പദ്ധതി.

9. പച്ചക്കറി കൃഷി വികസനം.

10. ഹൈടെക് ഫാമിംഗ്.

11. നാളികേര സംഭരണം.

12. തെങ്ങിൽനിന്നും നീര, കേരച്ചകര എന്നിവയുടെ ഉൽപ്പാദനം.

13. സംയോജിത കൃഷിത്തോട്ട പദ്ധതി.

14. ഉൽപ്പാദക സംഘം,

15. സ്മൾ ബയോഗ്യാസ് പ്ലാന്റ്.

16. അഗ്രികാർഡ് വിതരണം.

17. ന്യായവില നൽകി കാർഷികോൽപ്പന്നങ്ങളുടെ സംഭരണം.

18. സമഗ്ര കാർഷിക വികസനം.

19. ആധുനിക കാർഷിക സാങ്കേതിക വിദ്യകൾക്ക് രൂപം നൽകുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കാർഷിക സർവ്വകലാശാലയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കും ധനസഹായം.

20. മികവ് തെളിയിക്കുന്ന കർഷകർക്ക് കർഷക നൈപുണ്യ അവാർഡ്.

21. ഹൈടെക് പോളീഹൗസുകൾക്കും സൂക്ഷ്മ കൃഷി സമ്പ്രദായത്തിനും വൈദ്യുതി സബ്സിഡി.

22. മണ്ണിന്റെ പ്രത്യേകതകൾകൂടി കണക്കിലെടുത്ത് ആധുനിക കൃഷിരീതികൾ പ്രചരിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മേൽ സൂചിപ്പിച്ചവയിൽ ആരംഭിച്ച പദ്ധതികളിലൂടെ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനും പ്രസ്തുത വിളകൾ കൃഷിചെയ്യുന്ന കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. ഹൈടെക് കൃഷിരീതികൾ പ്രചരിപ്പിക്കുകവഴി പുതിയ തലമുറയെ കൂടുതലായി കാർഷിക മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞു. ജൈവകൃഷി പ്രോത്സാഹനം സാമൂഹിക പ്രതിബദ്ധതയുടെ പ്രതീകമായ പദ്ധതികൾ, വിള ഇൻഷ്വറൻസ്, സ്കൂൾ ബയോഗ്യാസ് പദ്ധതി, മൊത്ത വ്യാപാര വിപണികളുടെ ശക്തിപ്പെടുത്തൽ തുടങ്ങിയവയിലൂടെ കാർഷിക വൃത്തിയുടെ എല്ലാ മേഖലകളിലും സഹായമെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 1. അഗ്രി ബയോപാർക്കുകൾ സ്ഥാപിക്കുക.

2. മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ.

3. ജൈവകൃഷിക്ക് കേരള ബ്രാൻഡ്.

4. പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് ടെക്നോളജി സെന്റർ.

5. കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടെ ഇൻകം ഗ്യാരന്റിയും വില നിർണ്ണയാവകാശവും.

6. രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്.

7. കാർഷികോൽപ്പന്ന വിപണനത്തിന് സംഘങ്ങൾക്ക് അഞ്ച് ലക്ഷം രൂപവരെ പലിശരഹിത വായ്പ.

8. ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്നു.

9. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള വെർട്ടിക്കൽ ഫാമിംഗ് പദ്ധതി.

10. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ്.

11. സമഗ്ര നെൽവിള ഇൻഷ്വറൻസ് സ്കീം.

12. ഹരിപ്പാട്, മുത്തുപറമ്പ്, മേലക്കാവ്, കടുത്തുരുത്തി എന്നിവിടങ്ങളിൽ നാല് പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കൽ.

13. പ്രവാസി കേരള കൃഷി വികാസ് - പഴം, പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രവാസി മലയാളികളുമായി ചേർന്ന് സംയുക്ത സംരംഭം.

മതിയായ ഫണ്ടിന്റെ അഭാവംകൊണ്ടാണ് മേൽ പദ്ധതികൾ ആരംഭിക്കുവാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly